ഭരണഭാഷ-മാതൃഭാഷ


**കളമശ്ശേരി മുനിസിപ്പാലിറ്റി**
**പിൻ കോഡ്- 682033**
**GSTIN:32AAALK1477H3Z7 ഫോൺ നമ്പർ : 0484 2532026**
**https://kalamasserymunicipality.lsgkerala.gov.in, secretarykalamassery@gmail.com**


**നമ്പർ: 5263576-2025** **തീയതി : 01-07-2026**

കളമശ്ശേരി നഗരസഭ കിൻഫ്ര ഹൈടെക്ക് പാർക്കിൽ സ്ഥാപിച്ചിട്ടുള്ള ബസ്സ് ടെർമിനിലിനോടനുബന്ധിച്ചുള്ള **കടമുറി** നമ്പർ 2,3,4,5,9 എന്നിവയക്കായി വേണ്ടിയുള്ള ലേലം/ക്വട്ടേഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. നഗരസഭ കൗൺസിൽ അംഗീകരിച്ച ലേലം/ക്വട്ടേഷൻ നിബന്ധനകൾ നഗരസഭ നോട്ടീസ് ബോർഡിലും kalamasserymunicipality.lsgkerala.gov.in എന്ന വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയതു പ്രകാരം അപേക്ഷകർ പൂരിപ്പിച്ച അപേക്ഷയും, അനുബന്ധ രേഖകളും, അതാതു കടമുറികൾക്കുവേണ്ടിയുള്ള നിരതദ്രവ്യവും ഉൾപ്പടെ 2026 ജൂലൈ മാസം 31 തീയതി വരെ നഗരസഭ ഓഫീസിൽ സ്വീകരിക്കുന്നതാണ്.

Document certified by Vincent K A <VINCENTKACHAPPILLY@GMAIL.COM>.
Digitally signed by Vincent K A
Date: 2026.07.01 14:22:28 IST
Reason: KSMART

സെക്രട്ടറി

കളമശ്ശേരി നഗരസഭ
നമ്പർ– ആർ4–16007/17 തീയതി : 18.10.2025

**<u>കളമശ്ശേരി നഗരസഭ പണികഴിപ്പിച്ചിട്ടുള്ള മുനിസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ/ ബങ്കുകൾ ലേലം /ക്വട്ടേഷൻ നടപടി സംബന്ധിച്ച വ്യവസ്ഥകൾ</u>**

1) കളമശ്ശേരി നഗരസഭാ വക കിൻഫ്രയ്ക്ക് സമീപം പൂർത്തീകരിച്ച ബസ് ടെർമിനലിലെ നിലവിൽ ബാക്കിയുള്ള കട മുറികൾ / ബങ്കുകൾ എന്നിവ പരസ്യലേലം/ ക്വട്ടേഷൻ എന്നിവയിലൂടെ സ്ഥാപനം/ഓഫീസ്/വ്യാപാരം എന്നിവ നടത്തുന്നതിന് വാടകക്കാരെ കണ്ടെത്തി കൈമാറുന്നതിനുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഏരിയ | ഉപയോഗം | നിരത ദ്രവ്യം |
|---|---|---|---|---|
| **ബങ്ക്** | | | | |
| 1 | 2 | 7.05 $m^2$ | Shop | 5,000/- |
| 2 | 3 | 7.05 $m^2$ | Shop | |
| 3 | 4 | 7.09 $m^2$ | Shop | |
| 4 | 5 | 7.17 $m^2$ | Shop | |
| 5 | 9 | 16.00 $m^2$ | Shop | 10,000/- |

2) ഓരോ കടമുറി/ ബങ്കുകൾക്ക് പ്രത്യേകം ലേലവും ക്വട്ടേഷനും നടത്തുന്നതാണ്.

3) (എ) ലേലം/ ക്വട്ടേഷനിൽ പങ്കെടുക്കുന്നതിന് ഓരോ മുറിയ്ക്കും അതാതിന് നേരേ കാണിച്ചിരിക്കുന്ന നിരതദ്രവ്യം ഒടുക്കേണ്ടതാണ്.ടി തുകയിൻമേലായിരിക്കും ലേലം/ ക്വട്ടേഷൻ ആരംഭിക്കുന്നത്.

(ബി) ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്ന ആൾ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡിന്റേയോ, തത്തുല്യമായ ഫോട്ടോ പതിച്ച മറ്റ് തിരിച്ചറിയൽ കാർഡുകളുടേയോ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

(സി) ബസ് ടെർമിനലിലെ ആദ്യഘട്ട ലേലത്തിൽ പങ്കെടുത്ത് കടമുറി ലഭിച്ച് അറിപ്പ് ലഭിക്കുകയും എന്നാൽ കടമുറി ഏറ്റെടുക്കാത്തവർക്ക് ഈ നിലവിലെ ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അർഹരയുണ്ടായിരിക്കുന്നതല്ല.

4) ലേലം/ ക്വട്ടേഷനോടോപ്പം അതാത് മുറിയ്ക്ക് നേരേ കാണിച്ചിരിക്കുന്ന നിരതദ്രവ്യം നഗരസഭ ട്രഷറിയിൽ അടവാക്കുകയോ അല്ലെങ്കിൽ മുനിസിപ്പൽ സെക്രട്ടറിയുടെ പേരിൽ എടുത്തിട്ടുള്ള ഡിമാന്റ് ഡ്രാഫ്റ്റോ ഹാജരാക്കേണ്ടതാണ്.

5) ഓരോ മുറിയ്ക്കും നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യത്തിനുമേൽ (തുക) ലേലം/ക്വട്ടേഷൻ നടത്തുന്നതാണ്.

6) ഓരോ മുറിയുടേയും ലേലം/ ക്വട്ടേഷൻ കഴിഞ്ഞ് ക്വട്ടേഷൻ തുറക്കുന്നതും ലേല തുകയോ ക്വട്ടേഷൻ തുകയോ ഏതാണോ കൂടുതൽ ടി തുകയിന്മേൽ കൗൺസിൽ അംഗീകാരത്തിനു വിധേയമായി താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവും പറയാതെ ലേലം/ ക്വട്ടേഷൻ നിർത്തിവയ്ക്കുന്നതിനോ, തീയതി മാറ്റുന്നതിനോ ഉള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.

7) ലേലം കൊണ്ടയാൾ അന്നു തന്നെ ലേലം/ക്വട്ടേഷൻ തുകയുടെ മൂന്നിൽ ഒന്ന് തുക മുനിസിപ്പൽ ഫണ്ടിൽ അടച്ചിരിക്കേണ്ടതാണ്.

8) ബാക്കി ലേലം/ ക്വട്ടേഷൻ തുകയും 5 മാസത്തെ വാടകയ്ക്ക് തുല്ല്യമായ മുൻകൂർ വാടക ഡെപ്പോസിറ്റും കൗൺസിൽ ലേലം/ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവ് ലഭിച്ച് 14 ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടച്ച് നിശ്ചിതമൂല്യമുള്ള മുദ്ര പത്രത്തിൽ കരാർ ഉടമ്പടി ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ടിലേയും വ്യവസ്ഥകൾക്ക് വിധേയമായും ഉടമ്പടി രജിസ്റ്റർ ചെയ്ത് ഹാജരാക്കേണ്ടതാണ്. ഉടമ്പടിയോടൊപ്പം കുത്തകയ്ക്ക് എടുത്തിട്ടുള്ള ആളിന്റെ 6 മാസത്തിനുള്ളിലെടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ ഹാജരാക്കേണ്ടതാണ്. ആയവ ഹാജരാക്കുന്ന മുറയ്ക്ക് മുറികൾ ലേലം ഏൽപിച്ച് കൊടുക്കുന്നതാണ്.

9) മുറിയുടെ കുത്തക കാലാവധി മൂന്ന് വർഷമായിരിക്കും. തുടർന്ന് കൗൺസിലിന് യുക്തമെന്ന് തോന്നുന്ന പക്ഷം ഓരോ വർഷത്തേയക്ക് വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ച് നൽകുന്നതാണ്.

10) കാലാവധി തീരുന്ന മുറയ്ക്ക് മറ്റ് ബാദ്ധ്യതകൾ ഒന്നും ഇല്ലെങ്കിൽ ഡെപ്പോസിറ്റ് തുക മുറി ഒഴിഞ്ഞ് 3 മാസത്തിനു ശേഷം തിരികെ കൊടുക്കുന്നതാണ്. പ്രസ്തുത നിക്ഷേപങ്ങൾക്ക് അവ മടക്കി നൽകുന്ന കാലം വരെ പലിശ നൽകുന്നതിന് മുനിസിപ്പാലിറ്റിയ്ക്ക് ബാദ്ധ്യതയില്ലാത്തതും പലിശ ആവശ്യപ്പെടുന്നതിന് കുത്തകക്കാരന് യാതൊരു അവകാശമുണ്ടായിരിക്കുന്നതല്ല.

11) ലേലം /ക്വട്ടേഷൻ കൗൺസിൽ അംഗീകരിച്ച് ഉത്തരവ് ലഭിച്ച് നിശ്ചിത സമയപരിധിക്കകം ബാക്കി തുക നഗരസഭയിൽ അടച്ച് ഉടമ്പടി ഹാജരാക്കി മുറി ഏറ്റെടുക്കാത്തവരുടെ ലേലം/ക്വട്ടേഷൻ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്ത് പുനർ ലേലം ചെയ്യുന്നതും ടിയാൻ മുനിസിപ്പാലിറ്റിയിൽ അടച്ചിട്ടുള്ള തുക മുനിസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടുന്നതുമായിരിക്കും. ആയതിന് പുതിയ നോട്ടീസ് നൽകുന്നതിന് നഗരസഭയ്ക്ക് ബാധ്യതയില്ലാത്തതുമാകുന്നു.

12) ഏറ്റെടുത്ത മുറികൾ മുനിസിപ്പൽ നിയമങ്ങൾക്ക് വിധേയമായി വ്യാപാരങ്ങൾക്ക് /ഓഫീസ് ആവശ്യത്തിന് മാത്രമായി ഉപയോഗിക്കേണ്ടതും ഉടമ്പടി വ്യവസ്ഥകൾ പ്രകാരമുള്ള ആവശ്യത്തിനല്ലാതെ മുറി ഉപയോഗിക്കുവാൻ പാടില്ലാത്തതുമാകുന്നു.

13) സ്ഫോടക വസ്തുക്കൾ, മത്സ്യം, മാംസം, മയക്കുമരുന്ന്, പെട്ടെന്ന് തീ പിടിക്കുന്ന വസ്തുക്കൾ, വളം, കീടനാശിനി, സിമിന്റ്, ആസിഡ് എന്നിവ മുറികൾ/സ്റ്റാളുകളിൽ സൂക്ഷിക്കുവാനോ, കച്ചവടം നടത്തുവാനോ പൊതുജനങ്ങൾക്ക് ഉപദ്രവകരമായ രീതിയിൽ കൈകാര്യം ചെയ്യാനോ പാടുള്ളതല്ല.

14) മുറികൾ കൈവശം ലഭിക്കുന്നവർ നഗരസഭാ കൗൺസിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാലിക്കാൻ ബാദ്ധ്യസ്ഥരുമാണ്.

15) മുറികളിൽ കൂട്ടിച്ചേർക്കലുകളോ, രൂപഭേദമോ വരുത്തുവാൻ പാടുള്ളതല്ല. മുറികൾക്കോ, ചമയങ്ങൾക്കോ, ഉപകരണങ്ങൾക്കോ കേടുപാടുകൾ വരുത്തുന്ന പക്ഷം അവ ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ മുനിസിപ്പൽ അധികൃതരുടെ മേൽനോട്ടത്തിനു വിധേയമായി ചെയ്തു തീർക്കേണ്ടതാണ്. വ്യാപാരാവശ്യത്തിന് അനിവാര്യമായ ചെറിയ വ്യത്യാസങ്ങൾ വരുത്തേണ്ടതായി വരുന്നപക്ഷം മുൻകൂട്ടി കൗൺസിൽ അനുമതി ലഭ്യമാക്കി കുത്തകക്കാരന്റെ സ്വന്തം ചെലവിൽ നടത്താവുന്നതും എന്നാൽ അപ്രകാരം ചെയ്യുന്ന പ്രവൃത്തികൾ കുത്തകക്കാരൻ മുറി ഒഴിയുന്ന അവസരത്തിൽ നഗരസഭയ്ക്ക് അവകാശപ്പെട്ടതാകുന്നതും ആയതിന് യാതൊരു നഷ്ടപരിഹാരവും ആവശ്യപ്പെടാൻ കൈവശക്കാരന് അവകാശമുണ്ടായിരിക്കുന്നതുമല്ല.

16) ഓരോ മുറിയ്ക്കും/ ബങ്കിനും ആവശ്യമായ വെള്ളം, വൈദ്യുത കണക്ഷനുകൾ എന്നിവ നഗരസഭ സെക്രട്ടറിയുടെ പേരിൽ കുത്തകക്കാരന്റെ ചെലവിൽ വൈദ്യുതി കണക്ഷൻ എടുക്കേണ്ടതും കറണ്ട് ചാർജ്, വെള്ളക്കരം എന്നിവ യഥാസമയം അടയ്ക്കേണ്ടതുമാണ്. കുത്തകയ്ക്ക് ഏറ്റെടുക്കുന്നവർ അവരുടെ സ്വന്തം ചെലവിൽ വൈദ്യുതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ആയതിന് വേണ്ടി വരുന്ന ചെലവ് കുത്തകക്കാരൻ സ്വയം വഹിക്കേണ്ടതാണ്. കറണ്ട് കണക്ഷൻ അനുമതിയ്ക്ക് പാനൽ ബോർഡ് ഡെപ്പോസിറ്റ് 5,000/- രൂപയും ഇലക്ട്രിക് കണക്ഷൻ ഡെപ്പോസിറ്റ് 1,000/- രൂപയും ഇലക്ട്രിക് കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി നഗരസഭയിൽ അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിരിക്കേണ്ടതാണ്.

17) മുറികളിലും വാട്ടർ കണക്ഷൻ, വേസ്റ്റ് വാട്ടർ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം എന്നിവ ഉണ്ടായിരിക്കുന്നതല്ല. മുറികൾ ലേലം/ ക്വട്ടേഷനിൽ ലഭിക്കുന്ന ആൾക്ക് ആയത് ആവശ്യമുണ്ടെങ്കിൽ മുനിസിപ്പൽ കൗൺസിലിന്റെ അനുമതിയ്ക്കും നിബന്ധനകൾക്കും വിധേയമായി ഏർപ്പെടുത്തുന്നതുമാണ്.

18) ബസ് ടെർമിനൽ കോംപ്ലക്സിലെ മുറിയോ, അവയുടെ ഭാഗങ്ങളോ, മറ്റൊരാൾക്ക് കൈമാറ്റം ചെയ്തു കൊടുക്കുന്നതിനോ കീഴ്കുത്തകയ്ക്ക് നൽകുന്നതിനോ, കീഴ് വാടകയ്ക്ക് നൽകുന്നതിനോ പാടുള്ളതല്ല. അപ്രകാരം ചെയ്യുന്നതായി ബോദ്ധ്യമാകുന്ന പക്ഷം ഉടമ്പടി റദ്ദ് ചെയ്ത് മുറി പൂട്ടി മുദ്രവച്ച് കൈവശപ്പെടുത്തി ഏറ്റെടുക്കുന്നതിനും തുടർന്ന്

ആവശ്യമായ നടപടി കൈക്കൊള്ളുന്നതിനും സെക്രട്ടറിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

19) കൈവശത്തിലിരിക്കുന്ന മുറിയുടെ ചുവരുകൾ, ഷട്ടറുകൾ, സാനിട്ടറി, ഇലക്ട്രിക്കൽ ഫിറ്റിംഗുകളും മറ്റ് ഉപകരണങ്ങളും നല്ല നിലയിൽ സൂക്ഷിക്കാൻ കൈവശക്കാരൻ ബാദ്ധ്യസ്ഥനായിരിക്കും. എന്നാൽ മുറി വൈദ്യുതി/വാട്ടർ കണക്ഷൻ തുടങ്ങിയതുൾപ്പെടെയുള്ള എല്ലാം ഉൾപ്പെടെ ഉടമ്പടി പ്രകാരം അനുവദനീയമായ വ്യാപാരം നടത്തുന്നതിനും, മുറികൾ ഉപയോഗിക്കുന്നതിനും, അല്ലാതെ കെട്ടിടത്തിൻമേലോ, കെട്ടിടത്തിന്റെ ഭാഗങ്ങളിലോ യാതൊരു വിധമുള്ള അവകാശങ്ങൾക്കോ, ലാഭേച്ഛക്കോ കുത്തകക്കാരന് അർഹതയുണ്ടായിരിക്കുന്നതല്ല.

20) മുനിസിപ്പൽ സെക്രട്ടറിക്കോ, അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥ൪ർക്കോ, ഏതവസരത്തിലും മുറിയിൽ പരിശോധന നടത്തുന്നതിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും ആയതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

21) കുത്തക കാലാവധിയ്ക്ക് മുൻപ് സ്വന്തം ഇഷ്ടപ്രകാരം മുറി ഒഴിവാക്കണമെന്ന് ഉണ്ടെങ്കിൽ ആയതിന് മൂന്ന് മാസത്തെ മുൻകൂർ നോട്ടീസ് നൽകിയിരിക്കേണ്ടതാണ്. പുനർ/ലേലം ക്വട്ടേഷൻ വഴി പ്രസ്തുത മുറി അവശേഷിക്കുന്ന കാലത്തേയ്ക്ക് നൽകുമ്പോൾ നഗരസഭയ്ക്ക് ഏതെങ്കിലും തരത്തിൽ നഷ്ടം ഉണ്ടാവുകയാണെങ്കിൽ ആയതിന് ആദ്യ കുത്തകക്കാരൻ ഉത്തരവാദിയായിരിക്കുന്നതാണ്. എന്നാൽ ലാഭ്യമാണുണ്ടാകുന്നതെങ്കിൽ അവകാശപ്പെടുന്നതിനോ ആവശ്യപ്പെടുന്നതിനോ അർഹതയില്ലാത്തതുമാണ്. കാലാവധിയ്ക്ക് മുൻപ് മുറി ഒഴിയുന്നവരുടെ നിക്ഷേപങ്ങൾ പുനർലേലം/ക്വട്ടേഷൻ വഴി മുറി ഏറ്റെടുത്ത് 30 ദിവസത്തിനുശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

22) നഗരസഭയ്ക്ക് ആവശ്യമുള്ള പക്ഷം 30 ദിവസത്തെ നോട്ടീസ് നൽകി മുറി ഒഴിപ്പിച്ചെടുക്കുന്നതിന് മുനിസിപ്പൽ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

23) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ ചുമത്തുന്ന നികുതികൾ/ഫീസ് അടയ്ക്കുന്നതിന് കുത്തകക്കാരൻ /ലൈസൻസി ബാദ്ധ്യസ്ഥനായിരിക്കും.

24) സർക്കാർ നിരോധിച്ചിട്ടുള്ള മൈക്രോണിൽ ഉൾപ്പെടുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, ഡിസ്പോസിബിൾ ഗ്ലാസ്സുകൾ, മലിനീകരണ നിയന്ത്രണ ബോർഡ് നിരോധിച്ചിട്ടുള്ള മറ്റ് പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവ കച്ചവടം ചെയ്യുന്നതും, കൈവശം വയ്ക്കുന്നതും ഉപയോഗിക്കുന്നതും ഉപഭോക്താവിന് നൽകുന്നതും കുറ്റകരവും കുത്തക നിബന്ധനകൾക്ക് വിരുദ്ധവുമായിരിക്കും.

25) ലേലം/ക്വട്ടേഷൻ നിബന്ധനകളോ, ഉടമ്പടി വ്യവസ്ഥകളോ, മറ്റ് ബന്ധപ്പെട്ട നിയമങ്ങളോ ലംഘിക്കുകയോ, അനുസരിക്കാതിരിക്കുകയോ നഗരസഭയ്ക്ക് ഏതെങ്കിലും വിധത്തിൽ നഷ്ടമോ മറ്റോ ഉണ്ടാക്കുകയോ ചെയ്യുന്ന പക്ഷം ഉടമ്പടി റദ്ദ് ചെയ്യുന്നതും മുറി/ബങ്ക് പൂട്ടി മുദ്ര വച്ച് കൈവശപ്പെടുത്തി എടുക്കുന്നതിനും സെക്രട്ടറിയ്ക്ക് അധികാര മുണ്ടായിരിക്കുന്നതാണ്.

26) കാലാകാലങ്ങളിൽ നഗരസഭ ഏർപ്പെടുത്തുന്ന വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ച് പ്രവർത്തിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്.

27) കുത്തക കാലാവധിയിൽ ശ്രദ്ധക്കുറവു മൂലമോ, മറ്റുതരത്തിലുള്ള ഏതൊരു വീഴ്ച്ച മൂലമോ നഗരസഭയ്ക്ക് ഏതെങ്കിലും വിധത്തിലുള്ള നഷ്ടം സംഭവിക്കുന്നതായാൽ സ്വമേധയാ അതു പരിഹരിക്കുന്നതിന് കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്.

28) മുറികളിൽ വ്യാപാരം നടത്തുന്നവർ ഇൻഷുറൻസ് പരിരക്ഷ ആവശ്യമെങ്കിൽ ആയത് സ്വന്തം ചെലവിൽ ചെയ്യേണ്ടതാണ്.

29) കൈവശത്തിൽ ഏൽപ്പിക്കുന്ന കെട്ടിടമോ, അതിന്റെ ഭാഗമോ, പരിസരമോ ശുചിയായും വൃത്തിയായും കുത്തകക്കാരന്റെ ചെലവിൽ പരിരക്ഷിക്കേണ്ടതാണ്.

30) ഈ വ്യവസ്ഥകൾക്ക് പുറമേ പൊതു താൽപര്യത്തിന്റെ പേരിൽ ആവശ്യമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾ കൂടുതലായി ചേർക്കുന്നതിനോ, നിലവിലുള്ളവ പൂർണ്ണമായോ, ഭാഗീകമായോ ഭേദഗതി വരുത്തുന്നതിനോ, മുനിസിപ്പൽ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതും, ആയത് ഒരു കൗൺസിൽ തീരുമാനം വഴി പ്രബല്യത്തിൽ വരുത്തുന്നതുമാണ്. ആയതിൽ പ്രകാരം ഉടമ്പടി പുതുക്കുന്നതിനോ ഭേദഗതി വരുത്തുന്നതിനോ കുത്തകക്കാരൻ ബാദ്ധ്യസ്ഥനാണ്.

31) മുകളിൽ വിവരിക്കുന്ന വ്യവസ്ഥകൾക്കും തത്സമയം പ്രാബല്യത്തിലുള്ള മുനിസിപ്പൽ നിയമങ്ങൾക്കും, ഉപനിയമങ്ങൾക്കും, ചട്ടങ്ങൾക്കും ഉടമ്പടിയിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിരുദ്ധമായി പ്രവർത്തിക്കുകയോ ലംഘനം വരുത്തുകയോ ചെയ്യുന്ന പക്ഷം നോട്ടീസ് കൂടാതെ മുറിയിലെ വ്യാപാരം നിരോധിക്കുന്നതിനും മുറി പൂട്ടി കൈവശപ്പെടുത്തുന്നതിനും സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്. ഈ നടപടിയ്ക്ക് വിധേയമാകുന്നവരുടെ നിക്ഷേപങ്ങൾ മുനിസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടുന്നതും ആവശ്യമെങ്കിൽ മറ്റു നിയമ നടപടി സ്വീകരിക്കുന്നതുമായിരിക്കും.

32) ഈ ലേല വ്യവസ്ഥകൾ ഓരോ മുറിയുടേയും നടത്തിപ്പ് സംബന്ധിച്ച് കുത്തകക്കാരൻ നഗരസഭയുമായി ഉണ്ടാക്കുന്ന ഉടമ്പടിയുടെ ഭാഗമായിരിക്കുന്നതുമാണ്.

33) പ്രതിമാസ വാടക അതാതുമാസം 10–ാം തീയതിയ്ക്ക് മുൻപ് അടച്ചിരിക്കേണ്ടതാണ്. വീഴ്ച്ച വരുത്തുന്ന പക്ഷം സർക്കാർ നിശ്ചയിച്ചിട്ടുള്ള പിഴ പലിശ സഹിതം അതാത് മാസം അവസാനിക്കുന്നതിന് മുൻപായി ഒടുക്കിയിരിക്കേണ്ടതാണ്. നിശ്ചിത തീയതിയ്ക്കകം തുക ഒടുക്കാത്തപക്ഷം മുൻകൂർ നോട്ടീസ് കൂടാതെ തന്നെ പ്രസ്തുത മുറി/ബങ്ക് ഒഴിപ്പിച്ചെടുക്കുന്നതിനുള്ള അവകാശം മുനിസിപ്പൽ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. കൂടാതെ മുറി ഉപയോഗിക്കുന്നതിനുള്ള അവകാശം റദ്ദ് ചെയ്യുന്നതും വാടക്കാരന്റെ നഷ്ടോത്തരവാദിത്ത്വത്തിൽ പുനർലേലം/ടെണ്ടർ നടത്തുന്നതും ഇതുമൂലം നഗരസഭയ്ക്ക് നഷ്ടമുണ്ടാകുകയാണെങ്കിൽ ആയതും കുടിശ്ശികയും നിശ്ചിത നിരക്കിലുള്ള പലിശയും നിക്ഷേപങ്ങളിൽ നിന്നും ഈടാക്കുന്നതും നിരതദ്രവ്യം മുനിസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടുന്നതുമായിരിക്കും. എന്തെങ്കിലും കാരണവശാൽ സംഖ്യ മതിയാവാതെ വന്നാൽ നികുതി പിരിവ് ചട്ട പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

34) വാടക്കാരന്റെ ധനസ്ഥിതിയും ആസ്തിയും നടത്തിപ്പും സംബന്ധിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകാൻ ടിയാൻ ബാദ്ധ്യസ്ഥനാണ്. പ്രസ്തുത വിവരങ്ങൾ തൃപ്തികരമല്ലാത്ത പക്ഷം അതാത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും ഇക്കാര്യത്തിൽ കൗൺസിൽ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കുന്നതാണ്.

35) മുറിക്കുള്ളിലെ വയറിംഗ് അനധികൃതമായി ഭേദഗതി വരുത്തുന്നതിനോ, കൂടുതൽ പോയിന്റുകൾ എടുക്കുന്നതിനോ പാടുള്ളതല്ല.

36) ഉടമ്പടി പത്രത്തിൽ കുത്തകക്കാരന്റെ പാസ്പോർട്ട് സൈസിലുള്ള 6 മാസത്തിനിടയിൽ എടുത്ത ഒരു ഒരു ഫോട്ടോ പതിക്കേണ്ടതും കുത്തകക്കാരന്റെ കൈയ്യൊപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി പ്രത്യേകം ഹാജരാക്കേണ്ടതാണ്. മുറികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

37) നിലവിൽ ബസ്ടെർമിനലിൽ സ്ഥാപിച്ചിട്ടുള്ള സെപ്റ്റിക് ടാങ്ക്/സോക്പിറ്റ് എന്നിവ നിറയുന്ന സാഹചര്യം ഉണ്ടായാൽ ആയത് ക്ലീൻ ചെയ്യുന്നത് ബസ്ടെർമിനലിലെ നടത്തിപ്പുകാരുടെ പരിപൂർണ്ണ ഉത്തരവാദിത്വമായിരിക്കും.

38) ഇതിൽ പ്രതിപാദിക്കാത്ത മറ്റ് വിഷയങ്ങളിൽ സംബന്ധിച്ച അന്തിമ തീരുമാനം കേരള മുനിസിപ്പാലിറ്റി ആക്ട് നും നഗരസഭ സെക്രട്ടറി/കൗൺസിൽ എന്നിവയ്ക്ക് വിധേയമായിരിക്കും.

ഒപ്പ്/-

സെക്രട്ടറി
കളമശ്ശേരി നഗരസഭ